**DEPARTMENT OF CATECHESIS & MORAL EDUCATION**
**ARCHDIOCESE OF ERNAKULAM – ANGAMALY**
**Renewal Centre, Kaloor, Kochi 682017,**
www.catechismernakulam.com, E Mail: catechismernakulam@gmail.com, Ph. 0484-2346628

# സ്നേഹോത്സവം 2019

## പ്രത്യാശയുടെ ദൈവമക്കൾ

### "യേശുവിലാണെൻ പ്രത്യാശ, വചനമാണെൻ വഴികാട്ടി"

വചനദീപത്തിൽ കൊടുത്തിരിക്കുന്നതുപോലെ ഈ വർഷത്തെ സ്നേഹോത്സവം (ഇന്റൻസീവ് കോഴ്സ്) ഏപ്രിൽ 8 മുതൽ 13-ാം തീയതി വരെ നമ്മൾ നടത്തുകയാണല്ലോ . ഈ വർഷത്തെ സ്നേഹോത്സവത്തിന് നമ്മൾ എടുത്തിരിക്കുന്ന വിഷയം "**പ്രത്യാശയുടെ ദൈവമക്കൾ**" ("God's Children of Hope") എന്നതാണ്. കുട്ടികളിൽ ജീവിതത്തോട് സ്നേഹം ഉണർത്തുവാനും ജീവിക്കുന്നതിൽ തന്നെ ഒരു സന്തോഷമുണ്ടെന്ന അവബോധം വളർത്തുവാനുമാണ് 2017-2018 വർഷത്തിൽ സ്നേഹോത്സവത്തിലൂടെ നാം ശ്രമിച്ചത്. കഴിഞ്ഞ വർഷം (2018-2019) നമ്മൾ പകർന്നു കൊടുക്കാൻ ശ്രമിച്ചത് ജീവന്റെയും സന്തോഷത്തിന്റെയും ഉറവിടമായ ക്രിസ്തുവിലുള്ള വിശ്വാസം തന്നെ സന്തോഷം നൽകുന്നതാണെന്ന ബോധ്യമാണ്. വിശ്വാസം ജീവിതത്തെ ഭാരപ്പെടുത്തുകയല്ല, നമ്മെ കൂടുതൽ സ്വാതന്ത്ര്യത്തോടും സന്തോഷത്തോടും കൂടെ ജീവിക്കാൻ ശക്തരാക്കുകയാണെന്ന ബോധ്യം കുട്ടികളിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ പ്രവർത്തിച്ചു. ഈ വർഷം (2019) ദൈവീക പുണ്യങ്ങളിലെ രണ്ടാമത്തെ പുണ്യമായ പ്രത്യാശയെക്കുറിച്ച് ചിന്തിക്കുന്നത് ഉചിതമാണെന്ന് കരുതുന്നു. പൗലോസ് ശ്ലീഹ പറയുന്നു "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. കാരണം നമുക്ക് നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെട്ടിരിക്കുന്നു" (റോമ 5:5). ജീവിതത്തിന്റെ വ്യത്യസ്ത സാഹചര്യങ്ങളിലൂടെ കടന്നുപോകുന്ന കുട്ടികൾക്ക് പ്രത്യാശ പകർന്നുകൊടുക്കുക എന്നത് നമ്മുടെ ഒരു പ്രധാന ദൗത്യമാണല്ലോ. പൗലോസ് ആഹ്വാനം ചെയ്യുന്നതുപോലെ പ്രത്യാശയിൽ സന്തോഷിക്കുന്നവരും ക്ലേശങ്ങളിൽ സഹനശീലരും പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരുമായ പ്രത്യാശയുടെ ദൈവമക്കളായി കുട്ടികളെ വളർത്താൻ ഈ വർഷം നമുക്ക് ശ്രമിക്കാം. അതിന്റെ തുടക്കമായി സ്നേഹോത്സവം 2019 നെ കാണുകയും ഇതിനെ ഒരു ആത്മീയ ഉത്സവമാക്കാൻ ശ്രമിക്കുകയും ചെയ്യാം. ക്ലാസ്സുകളോടൊപ്പം കളികളും, ഗ്രൂപ്പ് ചർച്ചകളും, അവതരണങ്ങളും ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

ഈ വർഷം അദ്ധ്യാപക സഹായിയും ഒന്നു മുതൽ നാലുവരെ ക്ലാസ്സിലെ കുട്ടികൾക്കുള്ള വർക്കു ബുക്കുമാണ് തയ്യാറാക്കിയിരിക്കുന്നത്. ആക്ഷൻ സോങ് വീഡിയോകൾക്കായി Catechismernakulam എന്ന Youtube Channel കാണുക

**<u>അദ്ധ്യാപകസഹായി:</u>**

* എൽ പി., യു പി, ഹൈസ്ക്കുൾ എന്നിങ്ങനെ പ്രത്യേകമായിട്ടല്ല അദ്ധ്യാപക സഹായി തയ്യാറാക്കിയിരിക്കുന്നത്. അധ്യാപകർ ഏതു ഗ്രൂപ്പിലാണോ ക്ലാസ് എടുക്കേ ത് അത്തരത്തിൽ പാഠങ്ങൾ സജ്ജീകരിക്കുകയും അതിൽ കൊടുത്തിരിക്കുന്ന ആശയങ്ങൾ ഓരോ ഗ്രൂപ്പിനും അനുയോജ്യമായ വിധത്തിൽ അവതരിപ്പിക്കുകയും ചെയ്യണം.

* വേ ത്ര ഒരുക്കം അദ്ധ്യാപകരുടെ ഭാഗത്തു നിന്നു ായാലെ നമ്മൾ ഉദ്ദേശിക്കുന്ന ലക്ഷ്യം നേടുകയുള്ളു. പല പ്രാവശ്യം വായിച്ചതിനുശേഷം നിങ്ങളുടെ വികാരി അച്ചനുമായി പാഠഭാഗം ചർച്ച ചെയ്യുന്നത് നന്നായിരിക്കും. അങ്ങനെ വിഷയസംബന്ധമായ കൂടുതൽ കഥകളോ സംഭവങ്ങളോ വസ്തുതകളോ ലഭിച്ചാൽ അവയും കൂട്ടിച്ചേർക്കാനാവുമല്ലോ. സ്നേഹോത്സവത്തിന്റെ യഥാർത്ഥ വിജയം ഇടവകയിലെ അദ്ധ്യാപകരുടെ പ്രവർത്തനത്തെ ആശ്രയിച്ചിരിക്കുന്നു എന്ന് പ്രത്യേകം പറയേ തില്ലല്ലോ. ഞായറാഴ്ചകളിൽ കുട്ടികളോടിടപെടുന്ന വേദപാഠ അദ്ധ്യാപകർ എല്ലാവരും സ്നേഹോത്സവത്തിലും ഉ ാകണം.

* **സാധാരണപോലെ 10 അദ്ധ്യാപകസഹായിക്ക് 250 രൂപ വീതം** ഓരോ യൂണിറ്റിൽനിന്നും നൽകണം. വർക്ക് ബുക്കിന്റെ ഓർഡർ ലഭിക്കുന്നതനുസരിച്ച് ഫൊറോനകളിൽ എത്തിക്കുന്നതാണ്. **വർക്ക് ബുക്ക് ഒന്നിന് 20** രൂപയാണ് വില. ഫൊറോനകളിൽ പണം കൊടുത്ത് ഇവ വാങ്ങാവുന്നതാണ്. ഇടവകതലത്തിൽ അദ്ധ്യാപകർ ഒരുമിച്ചുകൂടി വികാരിയച്ചനോ അച്ചൻ നിയോഗിക്കുന്നവരോ നയിക്കുന്ന ഒരു പഠനക്ലാസ് വയ്ക്കുന്നത് നന്നായിരിക്കും.

* ഓരോ ഇടവകയുടെയും പൊതുവായ സാഹചര്യം പരിഗണിച്ച് നടത്തേ കാര്യങ്ങൾ മുൻകൂട്ടി നിശ്ചയിക്കണം. അതിനായി ബഹു. വികാരിയച്ചന്റെ നിർദ്ദേശങ്ങൾക്കനുസൃതം വേദപാഠാദ്ധ്യാപകർ ഒരുമിച്ചുകൂടി ആലോചിക്കണം. കോഴ്സ് തുടങ്ങുന്നതിന് ഒരാഴ്ച മുമ്പെങ്കിലും ഇടവകയിലെ **കോഴ്സിൽ നടത്തപ്പെടുന്ന പ്രവർത്തനങ്ങളുടേയും ക്രമീകരിക്കുന്ന പദ്ധതികളുടേയും കൃത്യമായ രൂപരേഖ തയ്യാറാക്കി നോട്ടീസ്ബോർഡിൽ പ്രസിദ്ധീകരിക്കുന്നത് നല്ലതാണ്.**

* ക്രിസ്തുവിലുള്ള വിശ്വാസം കുട്ടികളുടെ ജീവിതത്തെ കൂടുതൽ സന്തോഷമുള്ളതാക്കണം. തങ്ങളുടെ വിശ്വാസം ജീവിതത്തെ സന്തോഷത്തോടെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുമെന്ന ബോധ്യം കുട്ടികളിൽ വളർത്തണം. സ്ഥൈര്യത്താലും വിശുദ്ധലിഖിതങ്ങളിൽ നിന്ന ലഭിക്കുന്ന സമാശ്വാസത്താലും നമ്മുടെ കുട്ടികളിൽ പ്രത്യാശയുളവാക്കുവാൻ വേണ്ടി (കാണുക റോമ 15:4) വ്യക്തമായ ദർശനത്തോടെയും വളരെ പ്രാധാന്യത്തോടെയും അദ്ധ്യാപകർ ഈ ദൗത്യം ഏറ്റെടുത്ത് കുട്ടികളിൽ എത്തിക്കണം. എല്ലാവരും കൂടി സഹകരിച്ച് ചെയ്യുമ്പോൾ നമ്മുടെ അദ്ധ്വാനം ലഘുവായി അനുഭവപ്പെടും. സ്നേഹത്തോടെ ചെയ്യുമ്പോൾ മാധുര്യമുള്ളതായും അനുഭവപ്പെടും.

* എല്ലാവർക്കും മുൻകൂട്ടി നന്ദിപറയുന്നു. ആദരവോടെ നിങ്ങളുടെ സേവനത്തെ സ്മരിക്കുന്നു. മറ്റു നിർദ്ദേശങ്ങൾ അദ്ധ്യാപകസഹായിയുടെ ആരംഭത്തിൽ കൊടുക്കുന്നതാണ്. സഹകരണം പ്രതീക്ഷിച്ചുകൊ ്

സ്നേഹത്തോടെ

20-02-2019

ഡയറക്ടർ

ജോയ്സച്ചൻ

## സ്പർശ് - 2019

2019 - 20 വർഷത്തിൽ പ്ലസ് ടു ക്ലാസ്സുകളിലേക്ക് പ്രവേശിക്കുന്ന കുട്ടികൾക്ക് താമസിച്ചുള്ള നേതൃത്വ പരിശീലന ക്യാമ്പ് (സ്പർശ് 2019) സംഘടിപ്പിക്കുന്നു. ഒരിടവകയിൽ നിന്ന് ഒരു ആൺകുട്ടിക്കും ഒരു പെൺകുട്ടിക്കുമാണ് പങ്കെടുക്കാൻ സാധിക്കുന്നത്. സീറോ മലബാർ സഭ പ്രതിഭാ സംഗമത്തിലേക്കുള്ള തെരഞ്ഞെടുപ്പിൽ ഈ കുട്ടികൾക്ക് മുൻഗണന നല്കുന്നതാണ്. അപേക്ഷ ഫോറവും നിർദ്ദേശങ്ങളും വെബ് സൈറ്റിൽ (www.catechismernakulam.com) ലഭ്യമാണ്. ഫീസ് 750 രൂപയാണ്. ഇതിൽ 300 രൂപ അതിരൂപതാ കേന്ദ്രം വഹിക്കും, ബാക്കി 450 ൽ 250 രൂപയെങ്കിലും ഇടവക നല്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഏപ്രിൽ 14 നകം പേരുകൾ രജിസ്റ്റർ ചെയ്യണം.

സമയം :- മെയ് 2-ാം തിയതി വൈകുന്നേരം 5 മണി മുതൽ 4-ാം തിയതി വൈകുന്നേരം 3 വരെ
സ്ഥലം :- നിവേദിത, ചുണങ്ങംവേലി (രാജഗിരി ആശുപത്രിക്ക് സമീപം)
കൂടുതൽ വിവരങ്ങൾക്ക് :- 8281511916 (ഫാ. ജിയോ മാടപ്പാടൻ, അസി. ഡയറക്ടർ)

## സ്പർശ് - 2018 റീയൂണിയൻ

2018 ലെ സ്പർശിൽ പങ്കെടുത്ത കുട്ടികളുടെ ആഗ്രഹവും, നിരന്തരമായ ആവശ്യവും പരിഗണിച്ച് 2019 മെയ് 11-ാം തിയതി കലൂർ റിന്യൂവൽ സെന്ററിൽ വച്ച് ഒരു ഏകദിന കൂട്ടായ്മ സംഘടിപ്പിക്കുന്നു. രാവിലെ 9.30ന് ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്നു. കുട്ടികളെ ഈ വിവരം അറിയിക്കണമെന്ന് താല്പര്യപ്പെടുന്നു.

## പ്രധാന പരിപാടികൾ

### മാർച്ച് 2019

03 ഞായർ : പ്രമോട്ടേഴ്സിന്റെയും സെക്രട്ടറിമാരുടെയും യോഗം. 10.30 am

10 ഞായർ : സൺഡേ സ്ക്കൂൾ പരീക്ഷയിൽ 80% ത്തിലധികം മാർക്ക് കിട്ടിയ ഉത്തരക്കടലാസുകളും ലിസ്റ്റും ഫൊറോനയിൽ എത്തിക്കേ അവസാന തിയതി.

സൺഡെ സ്ക്കൂൾ വാർഷിക റിപ്പോർട്ട് ഫൊറോയിൽ എത്തിക്കേ അവസാന തിയതി.

17 ഞായർ : ഏപ്രിൽ 6,7 തിയതികളിലെ വേദപാഠാദ്ധ്യാപക പരിശീലനത്തിൽ പങ്കെടുക്കുന്നവരുടെ പേരുകൾ നൽകേ അവസാന തിയതി.

### ഏപ്രിൽ 2019

06-07 ശനി, ഞായർ - വിശ്വാസ പരിശീലകർക്കുള്ള ക്ലാസ്സ് (BOC), റിന്യുവെൽ സെന്റർ, കലൂർ

08 തിങ്കൾ – 13 ശനി : സ്നേഹോത്സവം

14 തിങ്കൾ – IV-IX വരെയുള്ള ക്ലാസ്സിലെ കുട്ടികളുടെ ഹാജറിന്റെ ശതമാനവും ഇന്റേണൽ അസ്സസ്സ്മെന്റി ന്റെ ശതമാനവും ര ാം സെമസ്റ്റർ പരീക്ഷയുടെ മാർക്കും ഓൺലൈനിൽ enter ചെയ്യാനുള്ള അവസാന തിയതി